**പ്രസിദ്ധീകരണത്തിന്**

സമുദായാചാര്യൻ മന്നത്തുപത്മനാഭന്റെ ജന്മദിനമായ ജനുവരി 2, നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ടിന്റെ പരിധിയിൽപെടുന്ന പൊതു അവധിയായി, എൻ.എസ്.എസ്സിന്റെ ജന്മദിനമായ ഒക്ടോബർ 31-ന് പ്രഖ്യാപിക്കുകയുണ്ടായി. അതിൽ ഇപ്പോഴത്തെ സംസ്ഥാനസർക്കാരിനോടുള്ള സർവീസ് സൊസൈറ്റിയുടെ അഭിനന്ദനം അറിയിച്ചുകൊള്ളുന്നു.

ശ്രീ മന്നത്തുപത്മനാഭന്റെ സേവനപ്രവർത്തനങ്ങൾ മുഖ്യമായും നായർസമുദായത്തെ കേന്ദ്രീകരിച്ചുള്ളതായിരുന്നെങ്കിലും, അതിന്റെ ഗുണഭോക്താക്കൾ നാനാജാതിമതസ്ഥരായ ബഹുജനങ്ങളാണെന്ന വസ്തുതയെ അംഗീകരിച്ച് 1966-ൽ ഇന്ത്യാ ഗവണ്മെന്റ് പത്മഭൂഷൺപുരസ്ക്കാരം നല്കി അദ്ദേഹത്തെ ആദരിച്ചതാണ്.

വൈകിയാണെങ്കിലും, 2014-ൽ സംസ്ഥാനഗവണ്മെന്റ് അദ്ദേഹത്തിന്റെ ജന്മദിനമായ ജനുവരി 2 പൊതുഅവധിയായി പ്രഖ്യാപിച്ച് അദ്ദേഹത്തോടുള്ള ആദരവ് പ്രകടിപ്പിക്കുകയുണ്ടായി.

അദ്ദേഹത്തിന്റെ ജന്മദിനം, സംസ്ഥാനഗവണ്മെന്റിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് പൊതുഒഴിവായി പ്രഖ്യാപിച്ചെങ്കിലും സംസ്ഥാനത്ത്, നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ടിന്റെ പരിധിയിൽപെടുന്ന സ്ഥാപനങ്ങൾക്ക് ഈ അവധി ബാധകമല്ലാത്തതിനാൽ, അവിടെ ജോലിചെയ്യുന്ന, അദ്ദേഹത്തെ സ്നേഹിക്കുകയും ആരാധിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ജീവനക്കാർക്ക് അന്നേദിവസം പെരുന്നയിൽ എൻ.എസ്.എസ്. ആസ്ഥാനത്ത് നടക്കുന്ന ജന്മദിനചടങ്ങുകളിൽ പങ്കെടുക്കുവാൻ കഴിഞ്ഞിരുന്നില്ല എന്നത് ഒരു ദുഃഖസത്യമായിരുന്നു.

ആയതിനാൽ, അദ്ദേഹത്തിന്റെ ജന്മദിനമായ ജനുവരി 2, നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ടിന്റെ പരിധിയിൽപെടുന്ന പൊതുഅവധിയായി പ്രഖ്യാപിക്കുന്നതിലേക്ക് സംസ്ഥാനസർക്കാരിനോട് എൻ.എസ്.എസ്. ആവശ്യപ്പെട്ടിരുന്നു.

അതുപ്രകാരമാണ് ഇപ്പോഴത്തെ സംസ്ഥാനഗവണ്മെന്റ് ഇങ്ങനെയൊരു ഉചിതമായ തീരുമാനം എടുത്തിട്ടുള്ളത്.

പെരുന്ന
1.11.2025

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി